**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2710** | **12-07-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ജസ്റ്റിസ്സ് നരേന്ദ്രൻ കമ്മീഷൻ ശുപാർശയുടെ വെളിച്ചത്തിൽ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പഠിക്കാനും അത് നികത്തുവാനും ആരംഭിച്ച സ്പെഷ്യൽ ഡ്രൈവ് പദ്ധതിയുടെ പുരോഗതികൾ വെളിപ്പെടുത്തുമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK(e-Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു Webportalആരംഭിക്കുകയും പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും തങ്ങളുടെ മുഴുവൻ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ചേർത്തുവരികയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 99 സർക്കാർ വകുപ്പുകളിലെ 97.05% ജീവനക്കാരുടെ വിവരങ്ങൾ 18.06.2022 വരെ ചേർത്തിട്ടുണ്ട്. പൊതുമേഖലയടക്കമുള്ള ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഈ വെബ്പോർട്ടലിൽ ചേർത്തുവരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട വിവര ശേഖരണങ്ങൾക്കായി പിന്നാക്ക വിഭാഗ കമ്മീഷൻ ആസ്ഥാനത്ത് ആരംഭിച്ച വെബ്പോർട്ടൽ വഴി ലഭിച്ച വിവരങ്ങൾക്കനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK(e-Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു Webportalആരംഭിക്കുകയും പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ |

| | | | |
|---|---|---|---|
| | | | വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും തങ്ങളുടെ മുഴുവൻ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ചേർത്തുവരികയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 99 സർക്കാർ വകുപ്പുകളിലെ 97.05% ജീവനക്കാരുടെ വിവരങ്ങൾ 18.06.2022 വരെ ചേർത്തിട്ടുണ്ട്. പൊതുമേഖലയടക്കമുള്ള ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഈ വെബ്പോർട്ടലിൽ ചേർത്തുവരുന്നു. |
| (സി) | വിവിധ സമുദായങ്ങൾക്കുണ്ടായിട്ടുള്ള പ്രാതിനിധ്യക്കുറവ് സംബന്ധിച്ച് മുഖ്യമന്ത്രി അധ്യക്ഷനായ ഉന്നത സമിതിയുടെ കണ്ടെത്തലുകൽ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; | (സി) | വിവിധ വകുപ്പുകളിൽ സർക്കാർ സർവ്വീസിലെ മറ്റ് പിന്നാക്കവിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം സംബന്ധിച്ച് Backlog ഉള്ളതായി സമിതി വിലയിരുത്തി. എന്നാൽ Backlogസംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല എന്നും ആയത് ലഭ്യമാകണമെങ്കിൽ സർക്കാർ സർവ്വീസിലെ മറ്റ് പിന്നാക്കവിഭാഗക്കാരുടെ വിവരങ്ങൾ പിന്നോക്കവിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള e-CDESK Webportal-ൽ വിവിധ വകുപ്പുകൾ രേഖപ്പെടുത്തേണ്ടതുണ്ട് എന്നും നിർദ്ദേശിക്കപ്പെട്ടു. |
| (ഡി) | സമിതിയുടെ കണ്ടെത്തലുകളുടെയും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏതെല്ലാം സമുദായത്തിന്റെ പ്രാതിനിധ്യക്കുറവ് പരിഹരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (ഡി) | e-CDESKവെബ് പോർട്ടലിലെ വിവരശേഖരണം പൂർത്തിയായിട്ടില്ല. പ്രസ്തുത വിവര ശേഖരണം<br><br>പൂർത്തികരിക്കുന്ന മുറയ്ക്ക് മാത്രമേ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിശോധിക്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ